publish

"ഭരണഭാഷ- മാതൃഭാഷ"

Break the Chain

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

നമ്പർ:എ1/60/2016/ഉവിവ.

10/03/2021,തിരുവനന്തപുരം

പ്രേക്ഷിതൻ

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1) സ്റ്റേറ്റ് ലൈബ്രേറിയൻ,സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി,തിരുവനന്തപുരം
2) അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി, തിരുവനന്തപുരം
3) സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
4) സ്റ്റേറ്റ് എൻ.എസ്.എസ് ഓഫിസർ, സ്റ്റേറ്റ് ലവൽ എൻ.എസ്.എസ് സെൽ വികാസ് ഭവൻ, തിരുവനന്തപുരം

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പ് - സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണ് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 02.12.2020 ലെ വിജ് - ഇ3/237/2020-വിജി നം. സർക്കുലർ

സൂചനയിലെ സർക്കുലറിന്റെ പകർപ്പ് ആവശ്യമായ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**രാജേഷ്കുമാർ കെ കെ**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

2021/H EDN

# കേരള സർക്കാർ

നം.വിജി-ഇ 3/237/2020-വിജി

വിജിലൻസ് (ഇ) വകുപ്പ്
തിരുവനന്തപുരം
തീയതി 02/12/2020

## സർക്കുലർ

വിഷയം:- വിജിലൻസ് വകുപ്പ് - സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ടുള്ള നോട്ടീസ് ബോർഡ് ടോൾഫ്രീ നമ്പറിനോടൊപ്പം സ്ഥാപിക്കണം - നിർദ്ദേശങ്ങൾ വീണ്ടും പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1) 06.10.1999 തീയതിയിലെ സ.ഒ.(പി) നം. 89/99/വിജി നമ്പർ സർക്കാർ ഉത്തരവ്
2) 02.08.2014 തീയതിയിലെ സ.ഉ.(സാധാ) നം.134/14/വിജി നമ്പർ സർക്കാർ ഉത്തരവ്
3) 08.07.2015 തീയതിയിലെ 5097/ഇ 3/2015/വിജി നമ്പർ സർക്കുലർ
4) വിജിലൻസ് ഡയറക്ടറുടെ 29.09.2020 തീയതിയിലെ G2-19460/2020/DVACB നമ്പർ കത്ത്

'സർക്കാർ ജീവനക്കാർ പൊതുജനങ്ങളിൽ നിന്നും സേവനങ്ങൾക്കായി പണമോ പാരിതോഷികമോ ആവശ്യപ്പെടുന്നത് കുറ്റകരമാണെന്നും അങ്ങനെ ആരെങ്കിലും ആവശ്യപ്പെടുന്നുണ്ടെങ്കിൽ വിജിലൻസിനെ അറിയിക്കണമെന്നും' നിർദ്ദേശിച്ച് കൊണ്ടുള്ള നോട്ടീസ് ബോർഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡ്രസ്സും ഫോൺ നമ്പറും സഹിതം പ്രദർശിപ്പിക്കാൻ എല്ലാ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരവും, അഴിമതി സംബന്ധിച്ചുള്ള പരാതി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ടോൾഫ്രീ നമ്പരായ '8592900900' എല്ലാ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സൂചന (2)-ലെ സർക്കാർ ഉത്തരവും, സൂചന (3)-ലെ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ സംസ്ഥാനത്തെ ഒട്ടുമിക്ക ഓഫീസുകളിലും നോട്ടീസ് ബോർഡ് കാണുന്നില്ലായെന്നും, പലയിടത്തും ജീവനക്കാർ തന്നെ മറച്ചുവെച്ച രീതിയിലും പൊതുജനങ്ങൾക്ക് കാണാത്ത രീതിയിലുമാണെന്നും സൂചന (4) പ്രകാരം വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യം സർക്കാർ ഗൗരവമായി കാണുകയും എല്ലാ വകുപ്പ് മേധാവികളും അവരുടെ നിയന്ത്രണത്തിലുള്ള സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ മേൽ പരാമർശിത പരസ്യബോർഡ് വിജിലൻസ് ഡയറക്ടറേറ്റിലെ ടോൾഫ്രീ നമ്പർ 1064, 8592900900 എന്നിവയും കൂടി ചേർത്ത് അടിയന്തരമായി പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്യുന്നു.

**സഞ്ജയ് എം. കൗൾ**
**സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
(നിയമം ധനകാര്യം ഉൾപ്പെടെ)
എല്ലാ വകുപ്പ് മേധാവികൾക്കും
വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസ്, വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി